പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4300 — 24.06.2019 ൽ മറുപടിയ്ക്ക്

## പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിട നിർമ്മാണം

*ചോദ്യം*
ശ്രീ.സി.കൃഷ്ണൻ :

*ഉത്തരം*
ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| **(എ)** പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ. കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സമർപ്പിച്ചിരുന്ന 47.4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിൽ (ഫയൽ നം. സി3/345/18) ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതുവരെ ആയെന്ന് വിശദമാക്കാമോ;<br><br>**(ബി)** പ്രസ്തുത പ്രവൃത്തി കൂടി പൂർത്തീകരിച്ചാൽ മാത്രമേ പുതിയ കെട്ടിടത്തിലേക്ക് ക്ലാസ്സ് മാറ്റാൻ കഴിയുകയുള്ളൂ എന്നതിനാൽ ഭരണാനുമതി നൽകാൻ ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | **(എ) & (ബി)** പെരിങ്ങോം ഐ.ടി.ഐ. കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനായി ഇതുവരെ ചിലവഴിച്ച തുകയിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ സർക്കാർ തലത്തിൽ വ്യാവസായിക പരിശീലന വകുപ്പിന് നിർദ്ദേശം നൽകിയിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പിൽ നിന്നും വാങ്ങി വ്യാവസായിക പരിശീലന വകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ